File No.GEDN-SC1/147/2018-G.EDN

DIRECTOR ... HIGHER SECONDARY EDUCATION
28 DEC 2018
THIRUVANANTHAPURAM

215

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

പൊതു വിദ്യാഭ്യാസ വകുപ്പ് (എസ്.സി) വകുപ്പ്

നമ്പർ.GEDN-SC1/147/2018/G.EDN

14/12/2018,തിരുവനന്തപുരം

സെക്രട്ടറി

ഡയറക്ടർ,
തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി വിദ്യാഭ്യാസം,
തിരുവനന്തപുരം.

സർ,

വിഷയം:- പൊതു വിദ്യാഭ്യാസ വകുപ്പ് - വി.എച്ച്.എസ്.ഇ - പ്രിൻസിപ്പൽ ഇൻ ചാർജായി ദൈനംദിന ചുമതല വഹിക്കുന്ന അധ്യാപകർക്ക് ആർജ്ജിതാവധി അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- താങ്കളുടെ 17/10/18 തിയതിയിലെ ഇ3/4990/2012 നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കെ . എസ് . ആർ ഭാഗം I ചട്ടം 81 പ്രകാരം ഒരു വെക്കേഷൻ ഡിപ്പാർട്ട്മെന്റിൽ സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാരന് ഏതെങ്കിലും വർഷം വെക്കേഷൻ തടസ്സപ്പെടുകയാണെങ്കിൽ, ടിയാൾക്ക് വെക്കേഷൻ എടുക്കാൻ കഴിയാതെ വന്ന ദിവസങ്ങൾക്ക് ആനുപാതികമായി ആർജ്ജിതാവധിക്ക് അർഹതയുണ്ട്. കൂടാതെ കെ . എസ് . ആർ ഭാഗം I ചട്ടം81 ന് താഴെയുള്ള റൂളിംഗ് 1 പ്രകാരം വെക്കേഷൻ ഡിപ്പാർട്ട്മെന്റിലെ ഒരുദ്യോഗസ്ഥന് വെക്കേഷൻ കാലയളവിൽ നോൺ- വെക്കേഷൻ ഡിപ്പാർട്ട്മെന്റിലെ ഒരു തസ്തികയുടെ പൂർണ അധിക ചുമതല നൽകുമ്പോൾ ടിയാന് വെക്കേഷൻ തടയപ്പെട്ടതായി കണക്കാക്കേണ്ടതാണ്. സ്കൂളുകളിലെ ദൈനംദിന ഭരണച്ചുമതല മാത്രം നൽകിയിട്ടുള്ള അധ്യാപകരും പൂർണ്ണച്ചുമതലയുള്ള അധ്യാപകരെപ്പോലെതന്നെ മധ്യവേനലവധിക്കാലത്ത് സ്കൂളിൽ ഹാജരാകേണ്ടതായതിനാൽ ടി അദ്ധ്യാപകർക്കും വെക്കേഷൻ തടസ്സപ്പെടുന്നുണ്ട്. ആയതിനാൽ ടി അദ്ധ്യാപകർക്കും കെ . എസ് . ആർ പാർട്ട് I ചട്ടം 81ലെ വ്യവസ്ഥകൾക്ക് വിധേയമായി ആർജ്ജിതാവധി അനുവദിക്കാവുന്നതാണെന്ന് അറിയിക്കുന്നു .

വിശ്വസ്തതയോടെ,
JYOTHILEKSHMY L
UNDER SECRETARY
സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

REDMI NOTE 6 PRO
MI DUAL CAMERA

Scanned by CamScanner

Scanned by CamScanner